കർഷകശ്രീ
സ്പെഷൽ



# ചങ്ങാതിമാർ വാഴുന്ന തെങ്ങിൻതോപ്പ്

*യന്ത്രമുപയോഗിച്ച് തെങ്ങിൽ കയറുന്നതിനു പരിശീലനം*

■ നെമി ജോർജ്

**കേരളത്തിലെ തെങ്ങുകൃഷിയുടെ തലവര മാറ്റിമറിക്കാൻ തക്ക നിശ്ശബ്ദ വിപ്ലവം സംസ്ഥാനത്തെ പതിന്നാല് ജില്ലകളിലും നടക്കുന്നു. നാളികേര വികസന ബോർഡിൻെറ നേതൃത്വത്തിൽ നടക്കുന്ന ഈ മുന്നേറ്റത്തിനു പേര് 'തെങ്ങിൻെറ ചങ്ങാതിമാർ' –റിപ്പോർട്ട്.**

ഇത്തിരി നർമവും അതിലേറെ നൊമ്പരവുമായി ഒന്നുരണ്ടു വർഷം മുമ്പൊരു നാട്ടുകാരണവർ പറഞ്ഞതിങ്ങനെ. വേണമെങ്കിൽ തേങ്ങ മണ്ണിലെത്തട്ടെ. പൊഴിഞ്ഞു വീഴുന്ന തേങ്ങ പെറുക്കിക്കൂട്ടുന്നതിനിടയിലായിരുന്നു കയറ്റക്കാരെ കിട്ടാനില്ലാത്തതിൻെറ പേരിലുള്ള ഈ ആത്മഗതം. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കുമെന്നതിൻെറ ചെറിയൊരു വകഭേദം.

ചക്ക വേരിൽ കായ്ക്കുന്നതുപോലെ സംഭവിക്കാനിടയില്ലാത്തതു പലതും വേണമെന്നു വച്ചാൽ സംഭവിക്കുമെന്നതിന് ഇന്നിതാ തെങ്ങിൻതോപ്പുകളിൽനിന്നു തന്നെ തെളിവുകൾ. തെങ്ങുകയറാൻ മഷിയിട്ടു നോക്കിയാൽപോലും ആളെ കിട്ടാനില്ലായിരുന്ന നാട്ടിൽ തന്നെ തെ ങ്ങിനു ചങ്ങാതിമാരെത്തുന്നു. വിദഗ്ധ പരിശീലനം സിദ്ധിച്ച ചങ്ങാതിമാരുടെ എണ്ണം ഈയാഴ്ച രണ്ടായിരത്തിനടുത്തെത്തുന്നു. അവരിൽ നൂറിലധികം പേർ സ്ത്രീകൾ. പതിനെട്ടുകാരൻ മുതൽ എഴുപതുകാരൻ വരെ കേരളത്തിലെ തെങ്ങിൻെറ തലവര മാറ്റിയെഴുതാൻ തയാറായി എത്തുന്നു. തെങ്ങിൻെറ ചങ്ങാതിക്കൂട്ടം എന്ന പേരിൽ നാളികേര വികസന ബോർഡ് പ്രഖ്യാപിച്ച പദ്ധതി അടുത്ത കാലത്തെ സമാനതകളില്ലാത്ത കാർഷിക വിപ്ലവമായി മാറുന്നു. പരിശീലനം പൂർത്തിയാക്കിയിറങ്ങിയവരാകട്ടെ ഗസറ്റഡ് ഓഫീസർമാരെക്കാൾ കൂടുതൽ വരുമാനം ഓരോ മാസവും സമ്പാദിക്കുന്നു.

അങ്ങേയറ്റം ഭാവനാപൂർണമായി

...പ്പെടെ ആറു ദിവസത്തെ ഊർജിതമായ പരിശീലനം സൗജന്യമായി ഏർപ്പെടുത്തിയപ്പോൾ ഓരോ ചങ്ങാതിയും ഒന്നാന്തരം കൃഷിശാസ്ത്രജ്ഞന്മാർ തന്നെയായി.

വേറെയുമുണ്ടായിരുന്നു ഇവർക്ക് ആനുകൂല്യങ്ങൾ. പരിശീലനത്തിൻെറ ഓരോ ദിവസത്തിനും 150 രൂപ വീതം സ്റ്റൈപ്പൻഡായി കിട്ടും. അപകടങ്ങൾക്കെതിരേ ഒരുലക്ഷം രൂപയുടെ സൗജന്യ ഇൻഷുറൻസ്. എല്ലാവർക്കും സൗകര്യപ്രദമായി ജോലിക്കെത്താൻ വാഹനംപോലും ഏർപ്പാടാക്കാനുള്ള ചർച്ചകൾ നടക്കുന്നു. തെങ്ങു കയറുന്നതിനും മണ്ട വൃത്തിയാക്കു

ആസൂത്രണം ചെയ്തതിലാണ് തെങ്ങിൻെറ ചങ്ങാതിക്കൂട്ടം എന്ന പദ്ധതിയുടെ വിജയം. സൂത്രധാരനാകട്ടെ, സംസ്ഥാനത്ത് കുടുംബശ്രീ എന്ന മുന്നേറ്റത്തെ ഇന്നു കാണുന്ന രൂപത്തിലെത്തിച്ച ടി.കെ. ജോസ് എന്ന ഐഎഎസുകാരൻ. തെങ്ങുകയറ്റക്കാരനാകുക എന്നതിനോടു പലർക്കും മാനസികമായി യോജിക്കാനുള്ള ബുദ്ധിമുട്ട് മനസ്സിലാക്കിയ ജോസ് തൊഴിൽരഹിതരായ ചെറുപ്പക്കാരെ വിളിച്ചത് തെങ്ങിൻെറ ചങ്ങാതിമാരാകാനായിരുന്നു-ഫ്രണ്ട്സ് ഓഫ് കോക്കനട്ട്. അവർക്ക് തളപ്പിനും മുളയേണിക്കും പകരം പാംക്ലൈംബർ എന്ന യന്ത്രം സൗജന്യമായി കൊടുത്തു. ബെർമുഡയും ടീഷർട്ടും തൊപ്പിയും യൂണിഫോമായി നൽകി. നല്ല ഭക്ഷണവും താമസസൗകര്യവുമുൾ



*ടി.കെ. ജോസ്*

ന്നതിനും മരുന്നടിക്കുന്നതിനുമൊക്കെ കൃത്യമായ വേതനനിരക്കുകൾ ഏർപ്പെടുത്തി. ഇതു തന്നെയായിരുന്നു പരിശീലനത്തിൽ പങ്കെടുക്കാനെത്തിയവർക്കു വേണ്ടിയിരുന്നത്. ഒരു ദിവസം ആയിരം രൂപയ്ക്കു മേൽ വരുമാനമുണ്ടാക്കുന്നത് എത്ര അനായാസമെന്ന് ഓരോരുത്തരും തിരിച്ചറിയുന്നു.

തിരുവനന്തപുരം, കൊല്ലം, കോഴിക്കോട്, കാസർകോട് ജില്ലകളിൽ പരിശീലനം പൂർത്തിയാക്കിയ ഓരോ ബാച്ച് പൂർണമായും സ്ത്രീകൾ മാത്രമായിരുന്നു. തെങ്ങിൻെറ ചങ്ങാതിമാരാകുന്നതിൽ തങ്ങൾ പുരുഷന്മാർക്കു പിന്നിലല്ലെന്ന് അവർ തെളിയിച്ചുകൊണ്ടിരിക്കുന്നു. പല ജില്ലകളിലും പരിശീലനപരിപാടിയിൽ അംഗത്വം കിട്ടാൻ മന്ത്രിമാരുടെയും ജനപ്രതിനിധികളുടെയുമൊക്കെ ശുപാർശയുമായാണ് ചെറുപ്പക്കാരെത്തുന്നത്. കാരണം ഒരു ബാച്ചിൽ ഇരുപതു പേർക്കു മാത്രമാണ് പരിശീലനം. മിക്ക ജില്ലകളിലും കൃഷിവിജ്ഞാനകേന്ദ്രങ്ങൾ പരിശീലനത്തിൻെറ ചുമതല ഏറ്റെടുത്തിട്ടുണ്ട്. തൃശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ ജില്ലകളിൽ ഒന്നിലധികം ഏജൻസികൾ പരിശീലനത്തിനു നേതൃത്വം നൽകുന്നുണ്ട്. പതിനെട്ടിനും നാൽപ്പതിനും മധ്യേ പ്രായമുള്ളവർക്കാണ് പരിശീലനമെന്നു നിബന്ധനയുണ്ടെങ്കിലും പലപ്പോഴും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കേണ്ടതായി വരുന്നു. പങ്കെടുക്കാനെത്തുന്നവരുടെ ആവേശമാണ് ഇതിനു പിന്നിലുള്ളത്. എങ്കിലും ഏഴാം ക്ലാസ് വിദ്യാഭ്യാസമെങ്കിലുമുള്ളവർക്കായി പരിശീലനം പരിമിതപ്പെടുത്തിയിരിക്കുന്നു.

ഓരോ പരിശീലനകേന്ദ്രത്തിലും രണ്ടു പ്രധാന പരിശീലകർ വീതമാണു ഉളളത്. ഇവർക്ക് ആദ്യമേ തന്നെ നാളികേര വികസന ബോർഡിൽനിന്നു പരിശീലനം നൽകിയിരുന്നു. ഇപ്പോൾ പ്രതിദിനം 750 രൂപ വീതമാണിവർക്കു വേതനം നൽകുന്നത്. പരിശീലനം പൂർത്തിയാക്കി ഇറങ്ങുന്ന ഓരോരുത്തരും സേവനം നൽകേണ്ടതിൻെറ പ്രതിഫലത്തുകയും മുൻകൂർ നിശ്ചയിച്ചിരിക്കുന്നു. ഗ്രാമപ്രദേശത്തിനും നഗരത്തിനും പ്രത്യേകമായാണ് നിരക്കുകൾ. ഗ്രാമീണമേഖലയിൽ നാൽപ്പതടിയിൽ കുറവ് ഉയരമുള്ള തെങ്ങിൽ കയറി തേങ്ങയിടുന്നതിന് പത്തു രൂപ. ഇതിൽ കൂടുതൽ ഉയരമാണെങ്കിൽ പതിനഞ്ചു രൂപ. നഗരപ്രദേശത്ത് ഇത് യഥാക്രമം പതിനഞ്ചും ഇരുപതും രൂപയാണ്. തേങ്ങയിടുന്നതിനൊപ്പം മണ്ട വൃത്തിയാക്കുകകൂടി വേണമെങ്കിലും മരുന്നടിക്കണമെങ്കിലും തുല്യമായ തുക കൂടുതലായി നൽകണം.

പരിശീലനം നേടുന്നവർക്ക് ഭാവിയിലേക്കായി കരുതിവച്ചിരിക്കുന്ന കാര്യങ്ങളാണ് ഇതിലേറെ ആകർഷകം. റബർ ഉൽപാദകസംഘങ്ങളുടെ മാതൃകയിൽ നാളികേര ഉൽപാദകസംഘങ്ങൾ സംസ്ഥാനത്തെമ്പാടും രൂപീകരിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ. പരിശീലനം നേടിയവരെ അതതു പ്രദേശത്തെ ഉൽപാദകസംഘവുമായി നേരിട്ടു ബന്ധപ്പെടുത്തുന്നതാണ്. അതോടെ ഉൽപാദകസംഘം നടത്തുന്ന പരിപാടികളെല്ലാം ഇവരെ ഉപയോഗിച്ചുകൊണ്ടായിരിക്കും. ദൂരെ സ്ഥലങ്ങളിലായിരിക്കുന്നവരുടെ തെങ്ങിൻതോപ്പുകൾ പരിപാലിച്ചു കൊടുക്കുക, സ്ഥലം കാലിയിട്ടിരിക്കുന്നവർക്കായി തോട്ടം വച്ചു പിടിപ്പിച്ച് പരിപാലിക്കുക, നാളികേര സംസ്കരണ യൂണിറ്റുകൾ ഇവരുടെ കൂട്ടായ്മയിൽ ആവുന്നത്ര സ്ഥലങ്ങളിൽ ആരംഭിക്കുക എന്നിങ്ങനെ സാധ്യതകൾ വളരെയധികം. കരിക്ക് പാർലറുകൾ ആരംഭിക്കുന്നതുൾപ്പെടെ പരിശീലനം കിട്ടിയ ചങ്ങാതിമാരിലൊരാൾക്ക് ചെയ്യാനാവുന്ന കാര്യങ്ങൾ എന്തെല്ലാം. ഇതുകൊണ്ടാവാം തെങ്ങു ചതിക്കില്ല എന്നു ഭാവിയിൽ പറയാനാവുക.



തൃശൂർ കൃഷിവിജ്ഞാനകേന്ദ്രത്തിൽ തെങ്ങുകയറ്റ പരിശീലനത്തിനെത്തിയവർ

# ചങ്ങാതിക്കൂട്ടത്തിൽ കണ്ടതും കേട്ടതും

**തൃശൂർകൃഷിവിജ്ഞാനകേന്ദ്രത്തിൽ പരിശീലനത്തിനെത്തിയ 'തെങ്ങിൻെറ ചങ്ങാതി' മാരുടെ വിശേഷങ്ങൾ**

സ്ഥലം തൃശൂർ. മണ്ണുത്തിയിൽ കേരള കാർഷിക സർവകലാശാലയോടു ചേർന്നു പ്രവർത്തിക്കുന്ന കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഒരു ചങ്ങാതിക്കൂട്ടത്തിൻെറ പരിശീലനത്തിൻെറ മൂന്നാം ദിവസം.

കേന്ദ്രത്തിൻെറ ചുമതലക്കാരിലൊരാളായ ഡോ. ടി. എൻ. ജഗദീഷ് കുമാർ എന്ന ശാസ്ത്രജ്ഞൻ ചങ്ങാതിമാർക്കു ക്ലാസെടുക്കുകയാണ്. തെങ്ങിൻെറ രോഗങ്ങളും പരിചരണമുറകളുമാണ് വിഷയം. കൃഷിശാസ്ത്രം പഠിക്കാൻ സർവകലാശാലയിലെത്തുന്ന വിദ്യാർഥികളുടെ അതേ ഗൗരവമാണ് പഠിതാക്കളുടെ മുഖത്ത്. എല്ലാവരുടെ മുന്നിലും തുറന്നു വച്ച നോട്ട്ബുക്കുകളുണ്ട്. ജഗദീഷ്കുമാർ പറഞ്ഞുകൊടുക്കുന്ന കാര്യങ്ങൾ അവർ പകർത്തിയെഴുതുന്നു.

കൂട്ടത്തിലെ കാരണവരായ പഴയന്നൂർ സ്വദേശി ഗോപാല മേനോന് അമ്പത്തഞ്ചു വയസാണ്. നാൽപ്പത്തഞ്ചു വയസാണ് ഉയർന്ന പ്രായപരിധിയെങ്കിലും ഇദ്ദേഹത്തിൻെറ ആവേശം കണ്ടപ്പോൾ പ്രത്യേക അനുവാദം വാങ്ങി പ്രവേശനം നൽകിയിരിക്കുന്നു. മൂന്നേക്കർ തെങ്ങിൻതോപ്പ് ഗോപാല മേനോന് സ്വന്തമായുണ്ട്. കയറ്റക്കാരെ കിട്ടാനില്ലാതായതോടെ ആണ്ടിൽ രണ്ടുമൂന്നു തവണ മാത്രമാണ് തേങ്ങ പിരിക്കാൻ കഴിയുന്നത്. അതിനൊരു പരിഹാരം കാണാനാണ് പരിശീലനത്തിനെത്തിയത്. ഒഴിവു സമയം മറ്റുള്ളവരുടെ തെങ്ങിൻെറ കൂടി ചങ്ങാതിയായിക്കൊണ്ട് ദിവസം ആയിരം രൂപയെങ്കിലും വരുമാനം നേടാനാവുമെന്ന് ഇദ്ദേഹത്തിന് ഉറപ്പുണ്ട്.

പാലക്കാട് ചിറ്റൂർ സ്വദേശിയായ ശരവണകുമാറാണ് ഇക്കൂട്ടത്തിൽ ഏറ്റവും പ്രായം



*ചങ്ങാതിക്കൂട്ടത്തിൻെറ പ്രവൃത്തിപരിശീലനം. കോ-ഓർഡിനേറ്റർ ഡോ. ടി.എൻ. ജഗദീഷ് കുമാർ സമീപം*

**തെങ്ങിൻെറ ചങ്ങാതിയായി മുഴുവൻസമയ സേവനത്തിനു തീരുമാനിച്ചവർ മുതൽ ഒഴിവുസമയം ആദായമാക്കാനെത്തിയവർ വരെ പരിശീലനം നേടുന്നു.**

കുറഞ്ഞ ബേബി. തൃശൂർജില്ലയിലെ വെള്ളങ്ങല്ലൂരിൽ ഒരു റബർ ഫാക്ടറിയിൽ പാർട്ട് ടൈം ജോലിയാണിദ്ദേഹത്തിന്. ഒഴിവു സമയം ധാരാളം. അപ്പോൾ ചെയ്യാവുന്ന ജോലിയെന്ന ആകർഷണമാണ് ഇദ്ദേഹത്തെ തെങ്ങിൻെറ ചങ്ങാതിയാക്കുന്നത്.

മുപ്പത്തൊമ്പതുകാരനായ ജോജു പീറ്ററിന് കിണറുകൾക്ക് റിങ്ങിറക്കുന്നതാണ് ജോലി. ഒരു സീസണിൽ മാത്രം ജോലി എന്നതാണിതിൻെറ ന്യൂനത. പോരെങ്കിൽ ഓരോ വർഷം ചെല്ലുന്തോറും ആവശ്യക്കാരുടെ എണ്ണവും കുറയുന്നു. എല്ലാ ദിവസവും ജോലി, സ്ഥിരമായ വരുമാനം- ഇതു രണ്ടുമാണ് ജോജു തെങ്ങിൻെറ ചങ്ങാതിയാകുമ്പോൾ ആഗ്രഹിക്കുന്നത്.

മരോട്ടിച്ചാൽ സ്വദേശിയായ പി. വി. ഷിജുവിന് സ്വന്തമായി അമ്പതു സെൻറ് സ്ഥലവും അതിൽ 22 തെങ്ങുകളുമുണ്ട്. ഇവയിൽ കയറുന്നതിന് ആരെയും കിട്ടാത്തതിൻെറ ബുദ്ധിമുട്ട് ഒരുവശത്ത്. നിരന്തരം വർധിച്ചു വരുന്ന ജീവിതച്ചെലവുകൾ മറുവശത്ത്. ഓട്ടോറിക്ഷ ഓടിക്കുന്നതാണ് ഇപ്പോൾ കിട്ടുന്ന വരുമാനം. ഇതിനു പുറമേ ഒരു അധിക വരുമാനമാണ് ഷിജു ചങ്ങാതിയാകുമ്പോൾ പ്രതീക്ഷിക്കുന്നത്. ഓട്ടോറിക്ഷയിൽ പാം ക്ലൈംബർ കൂടി വച്ചുകൊണ്ട് ഓട്ടം പോകാനാണ് തീരുമാനം. വഴിയിൽ വച്ച് എപ്പോൾ പണിക്ക് ആരു വിളിച്ചാലും പോകാനാവുമല്ലോ. ഷിജുവിൻെറ ന്യായം.

മറ്റൊരു പഠിതാവായ ജിജോണിൻെറ ബിസിനസ് നഴ്സറികൾക്ക് വിവിധയിനം തെങ്ങുകളുടെ വിത്തുതേങ്ങ എത്തിച്ചു കൊടുക്കുന്നതാണ്. അതുമായി ബന്ധപ്പെട്ട എല്ലാ ജോലികളും സ്വന്തമായി ചെയ്യാൻ കഴിയുമെന്നതാണ് ഇദ്ദേഹത്തിൻെറ മെച്ചം. ഫൊട്ടോഗ്രാഫറായ പി. ആർ. രഞ്ജിത്ത് എത്തിയിരിക്കുന്നത് കൂടുതലായൊരു വരുമാനം നോക്കി. തെങ്ങുകയറ്റക്കാരൻ തന്നെയായ എം. ഡി. മത്തായി ചങ്ങാതിയാകാൻ തീരുമാനിച്ചത് മഴക്കാലത്തുകൂടി യന്ത്രം ഉപയോഗിച്ചു ജോലിചെയ്യാൻ കഴിയുന്നതിനാലാണ്.

കോഴിക്കോട് കൂരാച്ചുണ്ട് സ്വദേശിയാണ് ഇവിടെ മാസ്റ്റർ ട്രെയിനറായി സേവനമനുഷ്ഠിക്കുന്ന ബിജു മാത്യു. കഴിഞ്ഞ ആറു വർഷമായി ബിജു സ്ഥിരമായി തെങ്ങുകയറുന്നുമുണ്ട്. ഒരു ദിവസം നൂറോളം തെങ്ങുകളിൽ കയറാൻ ഈ മുപ്പത്തെട്ടുകാരനു കഴിയുന്നുണ്ട്. ഇപ്പോൾ പരിശീലകനാകാൻ നാളികേര വികസന ബോർഡിൽനിന്നും പരിശീലനം കിട്ടുകയും ചെയ്തിരിക്കുന്നു. ബിജുവിന് മറ്റുള്ളവരോടു പറയാനുള്ളത് സ്വന്തം വിജയകഥ തന്നെയാണ്.

*കൂടുതൽ വിവരങ്ങൾക്ക്: 94464 84014, 94476 65105*



*ഗോപാലമേനോൻ*



*ശരവണകുമാർ*



*ജോർജ് പീറ്റർ*



*പി.വി. ഷിജു*



*പി.ആർ. രഞ്ജിത്*



*ബിജു മാത്യു*